# മണിമാല

എൻ. കുമാരൻ ആശാൻ

പ്രസാധിക:

കെ. ഭാനുമതി അമ്മ.

ശാരദാ ബുക്കുഡിപ്പോ,

തോന്നയ്ക്കൽ.

Digitized By Kerala Sahitya Akademi

# മണിമാല

എൻ. കുമാരൻ ആശാൻ

പ്രസാധിക:

കെ. ഭാനുമതി അമ്മ.

ശാരദാ ബുക്കുഡിപ്പോ,

തോന്നയ്ക്കൽ.

7–ാംപതിപ്പ് 2000

All Rights Reserved.

മാർ ത്തോമ്മാശ്ലീഹാ പ്രസ്സ്, ആലുവാ.

1122.

ഉടമസ്ഥരുടെ ഒപ്പോ മുദ്രയോ ഇല്ലാത്ത പ്രതി വ്യാജമാകുന്നു

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ഒന്നാംപതിപ്പിന്റെ
# പ്രസ്താവന

“ പുഷ്പവാടി ” പ്രസിദ്ധപ്പെടുത്തിയപ്പോറം തന്നെ അതിൽ ചേത്തമാതിരിയുള്ള ഇതരകൃതികളും പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കണമെന്നു കവിക്ക് ഉദ്ദേശമുണ്ടായിരുന്നു. “മണിമാല”, “വനമാല” എന്നിങ്ങനെ ഓരോ പേരും ഈ പുതിയ പുസ്തകത്തിനു അദ്ദേഹം തന്നെ നിർദ്ദേശിച്ചിരുന്നു. ഇതിൽ ആദ്യത്തെ പുസ്തകത്തിൽ ഇന്നിന്ന കൃതികറം എല്ലാം ഉറപ്പെടുത്തണമെന്നും അദ്ദേഹം ഒരിക്കൽ എന്നോടു പറഞ്ഞിട്ടുണ്ട്. ഈ പ്ലാൻ അനുസരിച്ച് “മണിമാല” ഞാൻ പ്രസിദ്ധം ചെയ്യുന്നു. ഇതിൽ ആകപ്പാടെ 19 കൃതികളാണുള്ളത്. ഇവയെ വിഷയസാമ്യം മാത്രം നോക്കി മൂന്നുനാലായി തിരിച്ച് ഇവിടെ ചേത്തിരിക്കുന്നു. ഈ ചെറുകൃതികളിൽ മിക്കവയും കവിയുടെ നോട്ടുബുക്കുകളിൽ നിന്നുതന്നെ പകത്തി എടുത്തിട്ടുള്ളതാണ്. ഓരോ കൃതിയും എഴുതിയ കാലവും അവസരവും മററും കാണിക്കുന്ന ചെറിയ കുറിപ്പുകൾ അതാതിന്റെ ചുവട്ടിൽ ചേത്തിട്ടുണ്ട്. ഇനി ബാക്കിയുള്ള ഇത്തരം കൃതികറം എല്ലാംകൂടി “വനമാല” എന്നപേരിൽ അടുത്തുതന്നെ പ്രസിദ്ധംചെയ്യാമെന്നു കരുതുന്നു................

തോന്നയ്ക്കൽ,
2—10—99.

കെ. ഭാനുമതി അമ്മ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# വിഷയാനുക്രമണിക


| | പേജ്. |
|---|---|
| ആത്മാപ്പണം—ഒരു പ്രാത്ഥന. | 1 |
| സാവിത്രിയുടെ പ്രാത്ഥന. | 3 |
| പ്രഭാതനക്ഷത്രം. | 6 |
| പരിവത്തനം, | 7 |
| പണം. | 9 |
| കഷകൻെറ കരച്ചിൽ. | 11 |
| ഒരു ദൂഷിതമായ ന്യായാസനം. | 14 |
| ഒരു അനുതാപം. | 19 |
| ഒരു മംഗളാശംസ. | 23 |
| ദിവ്യകോകിലം, അല്ലെങ്കിൽ ടാഗ്ഗർ മംഗളം. | 25 |
| സി. വി. സ്മാരകം അഥവാ നിന്നുപോയ നാദം. | 27 |
| ഒരു ഉൽബോധനം. | 30 |
| സിംഹനാദം. | 34 |
| സ്വാതന്ത്ര്യഗാഥ. | 36 |
| വിവാഹമംഗളം. | 38 |
| സന്ധിഗീതം. | 39 |
| അദ്ധ്യാപകവൃത്തി. | 44 |
| കാവ്യകല, അഥവാ, ഏഴാംഇന്ദ്രിയം. | 47 |
| ഭാരതമയൂരം, അഥവാ, നമ്മുടെ മയിൽ. | 49 |


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# മണിമാല

## * ആത്മാർപ്പണം—ഒരു പ്രാർത്ഥന

സചേതനാചേതനമിപ്രപഞ്ചം
സർവ്വം വിളക്കുന്ന കെടാവിളക്കേ,
സമസ്തഭവ്യങ്ങളുമുള്ളിലാഴ്ത്തും
സ്നേഹപ്പരപ്പിൻ കടലേ, തൊഴുന്നേൻ. 1

തെളിക്കയെൻകണ്ണുകൾ ക്രൂരിരുട്ടും
തിക്കുന്ന മഞ്ഞും ഭഗവാൻ, തുടക്ക
വിളിക്ക യമ്പാർന്നവിടത്തെമുൻപിൽ
വിരഞ്ഞു തപ്പിത്തടയുന്നൊരെന്നെ. 2

അല്ലെങ്കിലിക്കാട്ടുകൾ വെട്ടിനീക്കി
യകത്തെഴുന്നള്ളുകയെൻകുടിഞ്ഞിൽ
അരക്ഷണം വിശ്രമ മഞ്ചമാക്കി–
യങ്ങെൻെറ "ആത്മാർപ്പണ"മേറ്റുകൊൾക. 3

* സാധു ശിവപ്രസാദ് അവർകളുടെ അപേക്ഷപ്രകാരം 'ബ്രഹ്മവാദി'ക്കു വേണ്ടി എഴുതിയത്. (തോന്നയ്ക്കൽ 18-6-98)

Digitized By Kerala Sahitya Akademi

മഹാവനം നിൻ മലർവാടിയാക,
മുള്ളൊക്കെയും നൻമുകുളങ്ങളാക,
മഹേശ, നിൻ സന്നിധികൊണ്ടു ദുഷ്ട–
മൃഗങ്ങളും ഗായക ദേവരാക. 4

സ്വംമറന്നിന്നൊരു പാററപോൽ നിൻ
സംസർഗ്ഗനിർവ്വാണരസത്തിൽ മുങ്ങാൻ
കാമിപ്പൂ ഞാനീശ്വര, കാൽക്ഷണം നീ
കാണിക്കയെമ്പാർന്ന മുഖാരവിന്ദം. 5

Digitized By Kerala Sahitya Akademi

3

# * സാവിത്രിയുടെ പ്രാർത്ഥന

വരദേ, വരനെണ്ണവററിടും
തിരിപോൽ നിന്നു വിളങ്ങിടുന്നതേ
തിരികില്ലതു ഭാഗ്യവാനവ-
ന്നെരിയുന്നെന്മനമീശവല്ലഭേ. 1

തരുണതപമതിൽ കിടന്നു മെൻ
പുരുസൌഹാർദ്ദരസം നുകർന്നുമേ
മരുവുന്നമനോജ്ഞതനോക്ഷമോ
മരണോദന്തമിതുണ്ണിപോലവൻ. 2

രഭസത്തൊടു ശുദ്ധസൌഹൃദ-
പ്രഭവം കൂട്ടിയിണക്കിയേകമായ്
ശുഭദായിനി, ഞങ്ങൾ ദിപവും
പ്രഭയും പോലിനി വേർപെടാ ശിവേ. 3

* മൂലിയിൽ കൃഷ്ണൻ അവർകളുടെ 'സാവിത്രിചരിതം' എന്നകൃതിയിൽചേർക്കാൻ എഴുതിക്കൊടുത്തതു്. തിരുവനന്തപുരം (18-12-100)



Digitized By Kerala Sahitya Akademi

# 4

വിരഹശ്രുതിയും സഹിക്കുമോ
സ്ഥിര രാഗപ്രതിപന്നയാം സതി?
തിരുമേനി പകുത്തു കാന്തനൊ—
ത്തരുളും നീയറിയുന്നതംബികേ. 4

അകലും ക്ഷണമേററ മേററ മെ—
ന്നകതാരിൽ ഭയമേകം, എൻപ്രിയൻ
സുകുമാരനുമേ മറഞ്ഞുപോം
മുകുളം പോലിനി മൂന്നുനാൾക്കകം. 5

മനതാരിലെഴും പ്രിയത്തിനാൽ
നിനയാമൽ പതിതൻ വിപത്തു ഞാൻ
ദിനമെങ്കിലുമെത്തി സത്യമാം
മുനിവാക്കെന്നു മഹാഭയം ശിവേ. 6

ഹൃദയം കവരുന്ന നോക്കുമാ—
മൃദുഗംഭീരമനോജ്ഞരൂപവും
വിദയം കവരാ മവൻെറയാ
സുദൃഢസ്നേഹമഹോ! തൊടാ യമൻ. 7

ബഹുനർമ്മമുരച്ചു ബുദ്ധിമാൻ
മുഹുരിപ്പോൾ വരുമെൻെറ വല്ലഭൻ
അഹഹ! വ്രതഹേതു കേൾക്കുവാൻ
സഹസാ ദുർഭഗയെന്നു ചൊൽവു ഞാൻ. 8

Digitized By Kerala Sahitya Akademi

## 5

വരനോടിവളോതുകില്ല ഭീ–
കരമാവസ്ഥതഃ ജീവിതാവധി
പരമെൻ പ്രിയനന്തമേലുകിൽ
പിരിയാ പോമവരൊത്തുതന്നെ ഞാൻ. 9

സ്ഥിതിയിങ്ങതി ദുഃഖമെങ്കിലും
ക്ഷിതി വാസ പ്രിയരാം ശരീരിണാം
പതിയെത്തി വിപത്തി ലോകമാം
ഗതി നീതാൻ ഗരളാശനപ്രിയേ. 10

പരമേശ്വരി സൃഷ്ടി രക്ഷ സം–
ഹരണം സ്വമിതോക്കിൽ നിൻെറയാം
വരമേകണമംബ, മംഗളം
വരുവാനാശ്രിതവത്സവത്സലെ. 11

പ്രിയനോത്തു മനർത്ഥമെന്നി നിർ–
ഭയനാവാനായി സ്വശക്ത നീ
ദയചെയ്യുക ആന്തരാത്മക–
പ്രിയയാം ദേവി ദയാപരാജിതേ. 12

Digitized By Kerala Sahitya Akademi

# * പ്രഭാതനക്ഷത്രം

(അന്നനട)

ഉണരുവിൻ, വേഗമുണരുവിൻ, സ്വര-
ഗുണമേലും ചെറുകിളിക്കിടാങ്ങളെ.
ഉണർന്നുനോക്കുവിനലകിതുറംക്കാമ്പിൽ
മണമേലുമോമൽമലർമൊട്ടുകളെ.
അണയ്ക്കുമമ്മമാരുടെ ചിറകുവി-
ട്ടുണർന്നുവണ്ണാത്തിക്കിളികറം പാടുവിൻ.
തണുത്തനീർശയ്യാഞ്ചലം വിട്ടുതല
ക്ഷണംപൊക്കിത്തണ്ടാർനിരകളാടുവിൻ.
അകലുന്നുതമസ്സടിവാനിൽ വണ്ണ-
ത്തികവേലും പട്ടുകൊടികറം പൊങ്ങുന്നു.
സകലലോകബാന്ധവൻ കൃപാകരൻ
പകലിൻനായകനെഴുന്നള്ളീടുന്നു.
ഒരുരാജ്യം നിങ്ങറംക്കൊരുഭാഷ നിങ്ങറം-
ക്കൊരുദേവൻ നിങ്ങറംക്കൊരുസമുദായം
ഒരുമതേടുവിനെഴുന്നള്ളത്തിതു
വിരഞ്ഞെതിരേല്പിൽ വരിൻ കിടാങ്ങളെ.
ഉരയ്ക്കുയല്ലിയിങ്ങനെയുദാരമായ്
സ്ഫുരിച്ചുപൊങ്ങുമിപ്രഭാതനക്ഷത്രം?
കരത്തിൽ വെള്ളിനൂൽക്കതിരിളം ചൂരൽ
ധരിച്ചണഞ്ഞിതുവിളിച്ചോതുകല്ലി?

---

* 'ഗുരുനാഥൻ' എന്ന മാസികക്കുവേണ്ടി എഴുതിയതു്. (11-2-21)

Digitized By Kerala Sahitya Akademi

7

# * പരിവർത്തനം

കരഞ്ഞുകൊണ്ടുക്രമണംകുറുക്കനും ഗമിക്കവേ
വിരഞ്ഞുകുക്കുടങ്ങൾമോദകാഹളം വിളിക്കവേ
എരിഞ്ഞുയന്നെഴും ദിനേശ ക്രൂസിടാതെയെങ്ങുമേ
തിരിഞ്ഞുനിന്നിടാതെനിൻവഴിക്കുപോകപോകനീ 1

അറയ്ക്കുകത്തെഴുന്നൊരന്ധകാരവും വിഭോ ഭവാൻ
പറത്തുകിന്നഭസ്സിൽനിന്നുമൂടൽമഞ്ഞുപോലുമേ
വിറച്ചണഞ്ഞു വെയ്‌ലുകൊണ്ടിടട്ടെ വൃദ്ധഭൂ തണു
ത്തുറച്ചതൻ ഞരമ്പിലെങ്ങുമുഷ്ണരക്തമോടുവാൻ. 2

പൊഴിഞ്ഞുപത്രമററുയൻകൊമ്പുപല്ലവങ്ങൾപോ—
യൊഴിഞ്ഞിടട്ടെ പൂവണിഞ്ഞിടട്ടെ ശൂന്യശാഖകൾ
കൊഴിഞ്ഞിടട്ടെ പൂക്കൾമിന്നിടട്ടെകായ്മരങ്ങൾ തേൻ
വഴിഞ്ഞെഴുംഫലങ്ങളാൽ വിനമ്രമാംശിരസ്സോടും. 3

* മിസ്റ്റർ അയ്യപ്പന്റെ അപേക്ഷപ്രകാരം 'സഹോദരനു' വേണ്ടി എഴുതിയത്. (തിരുവനന്തപുരം 23-4-96)

Digitized By Kerala Sahitya Akademi

അകന്നുമിന്നുവോരുഡുക്കളന്തികത്തിലായ്ദ്രുതം
പകച്ചുമങ്ങിനിന്നിടട്ടെ ദേവ പാഞ്ഞുപോക നീ
പുകഞ്ഞെരിഞ്ഞുടൻ പൊടിഞ്ഞുതാണിടട്ടെ പർവ്വതം
നികന്നിടട്ടെ വാരിരാശി നിൻെറ തേർത്തടങ്ങളിൽ. 4

തിമിർത്തൊരീർഷ്യയാൽ തടഞ്ഞിടട്ടെ വൻഗജങ്ങളോ
തിമിംഗലങ്ങളോ ഭവൽ പഥത്തെ അല്പദൃഷ്ടികൾ,
അമർത്തലേററു മസ്തകം ഞെരിഞ്ഞവററചോരയാൽ
സമഗ്രമന്തിവർണ്ണമാക്കിടട്ടെ കുന്നുമാഴിയും. 5

സമത്വമേകലക്ഷ്യമേവരും സ്വതന്ത്രരെന്നുമേ
സമക്ഷമിത്തമസ്സകററിയോതിലോകമാകവേ
ക്രമപ്പെടുത്തിടും ഭവാൻെറ ഘോരമാംകൃപയ്ക്കുഞാൻ
നമസ്കരിപ്പു, ദേവ, പോകപോകനിൻവഴിക്കുനീ. 6

Digitized By Kerala Sahitya Akademi

# * പണം

വരഗുണ നര, വായുവീഥിമേൽ നീ
വിരവൊടുതീർത്തൊരു കോട്ട വീണുപോയോ !
കരയുഗമയി കെട്ടി, നോക്കിവിണ്ണിൽ
തിരിയുവതീ നെടുവീർപ്പോടെന്തെടോ നീ ? 1

വിരയുവതിഹ നിൻ മതത്തിനായോ
പുരുമമതം സമുദായഭ്രുതിയോർത്തോ
പരഹിതകരമാം പ്രവൃത്തിതന്നിൽ
പരമഭിവൃദ്ധിയതിന്നു വേണ്ടിയോ നീ. 2

സ്ഥിരമിഹ സുഖമോ മഹത്വമോ നീ
വരഗുണമാന്നൊരു വിദ്യയോ യശസ്സോ
പരമസുകൃതമോ കടന്നസാക്ഷാൽ
പരഗതിയോ—പറകെന്തെടോ കൊതിപ്പു. 3

* 1085 മിഥുനം 'വിവേകോദയ'ത്തിൽ പ്രസിദ്ധം ചെയ്തതു്.

Digitized By Kerala Sahitya Akademi

കുറവുകരുതിയിങ്ങു കേണിരുന്നാൽ
കുറയുകയാം വിലയാന്നിൻെറ കാലം
മറവകലെ രഹസ്യമോതുവൻ, നീ–
പറയുക പോവതു നിൻെറ ഇഷ്ടരോടും. 4

കരുതുക, കൃതിയത്നലഭ്യനേതും
തരുവതിനീശ നിയുക്തനേകനീ ഞാൻ
വിരവിൽ വിഹിതവൃത്തിയേതുകൊണ്ടും
പരമിഹ നേടുക,യെന്നെ, നീ—പണത്തെ! 5

Digitized By Kerala Sahitya Akademi

11

# * കർഷകൻെറ കരച്ചിൽ

എണ്ണമില്ലാതുള്ള ലോകത്തെപ്പെററൊരു
വിണ്ണേ, ഞാൻ കേഴുന്നു കേൾക്കതായേ.
ഉണ്ണികൾ കേണാലുരുകാത്തനെഞ്ചുണ്ടോ?
കണ്ണീർഞാൻവാർക്കുന്നു കാൺകതായേ
ശ്യാലോലശോഭയാൽ കണ്ണിനാനന്ദമാം
നീലപ്പൂഞ്ചേലയണിഞ്ഞു നിത്യം
കോലംമറച്ചെഴുമമ്മേ നീയല്ലാതാ-
രാലംബം ഞങ്ങൾക്കുമീയൂഴിക്കും.
മേടംകഴിഞ്ഞു മണിരഥംഭാനുമാ-
നോടിച്ചിടവവും താണ്ടുമാറായ്;
വാട്ടിക്കരിയുന്നു ഭൂമുഖം പുൽക്കൊടി
കൂടിമുളയ്ക്കുന്നില്ലാതപത്താൽ.
വെട്ടിയൊരുക്കിഞാനെങ്ങെങ്ങുവിത്തുക—
ളിട്ടിതങ്ങങ്ങുകാനൽജലത്താൽ
തട്ടിപ്പായ് തൻധനമാംതീക്ഷ്ണരശ്മികൾ
കഷ്ടം! കതിരോൻകൃഷിചെയ്യുന്നു.
എല്ലുനൊന്തുഴിയുഴുതുവിയപ്പുതൻ
കല്ലോലധാരയാൽ ഞാൻ നനച്ച

* 'മിതവാദി'യിൽ പ്രസിദ്ധം ചെയ്തത് (തോന്നയ്ക്കൽ 25-10-95)



Digitized By Kerala Sahitya Akademi

ഇല്ലംകഴിയണ്ടേ—വഞ്ചിതനായിവ—
നില്ലറയിലിനിവിത്തുപോലും
പാരാകെവേകുന്നു, വേഴാമ്പൽദാഹത്താൽ
പാരം കരയുന്നു, നീകൃപയാൽ
ഹാരാവലിപോൽവിശദമാംശീതള—
ധാരയിന്നെന്തമ്മേ, പെയ്യിടാത്തു.
മുററിപ്പോയ് കുട്ടികളെന്നുരസംമാറിൽ
വററിസ്സിരകരംവരണ്ടുപോയോ?
കുററങ്ങൾവല്ലതും ഞങ്ങളിൽ കണ്ടിട്ടു
പെററതായേ നീ ചുരത്താഞ്ഞുയോ?
ഉററനിന്നൻപിൻപ്രവാഹം തടകയോ
മറേറതോപാപമന്നൽപരപ്പിൽ
തെറേറതെന്നാലും നീ തീക്കയിന്നും നിൻെറ
കുററക്കിടാങ്ങളീഞങ്ങരം തായേ.
സാശങ്കം നിന്നെത്താൻ കൈക്രൂപ്പിനില്ക്കുമീ—
പ്പേശലമാം കൊച്ചിളമുളകരം
വൈരാഗ്യമേരംവയലിതിലിന്നെൻെറ
യാശാങ്കരങ്ങരംപോൽ വാടിടുന്നു.
ചിട്ടയായ് ചിക്കിനിരത്തിവളമിട്ടു
നട്ടുള്ള നല്ലചെളിനിലങ്ങരം
കട്ടപിടിച്ചുവെടിച്ചല്ലോ! എൻെറയുരം—
ത്തട്ടുപോൽവിള്ളുന്നു താരംമാറായ്
വററാത്തനിൻെറ വിഭവസമൃദ്ധിയും
മുററം കരുണയും നമ്പിയല്ലേ
പററിക്കിടക്കുന്നു ഭൂമിയിലീഞങ്ങരം
മററില്ലരക്ഷ നീ കൈവിടല്ലേ.

Digitized By Kerala Sahitya Akademi

പെയ്യാകനീസുധാപൂരം പ്രിയദ്യോവേ.
പെയ്യാകയുമഴവൈകിടാതെ
മെയ്യിലന്നിയും മരതകപ്പൂന്തുകിൽ
നെയ്യുവാൻ ഭ്രമിക്ക നീയുണയ്ക്ക.
പേർത്തുംമുകിൽനിരപൊയ്യയിൽ പോർത്തതൻ
ചാർത്തുപോലെത്തിനിന്നംഗണത്തിൽ
ആർത്തുതുടങ്ങട്ടേ, ഭക്തിബാഷ്പംപെയ്ത
പൂർത്തിയാക്കട്ടമ്മേ, നിഷ്കൃതിഞാൻ.

Digitized By Kerala Sahitya Akademi

# * ഒരു ദൂഷിതമായ ന്യായാസനം

പാരിൽസൂൎയ്യ, പരത്തിടാൎയ്യകിരണം
നിഷ്പക്ഷപാതം ഭവാൻ
പോരും ചന്ദ്ര, പൊഴിഞ്ഞതാക്ഷമൊരുപോൽ
നീപൂന്നിലാവെന്നുമേ
നേരായ് നിങ്ങൾസമത്വധൎമ്മമുപദേ—
ശിച്ചാലുമിച്ഛാശാൻ
പാരം പണ്ഡിതമാനിയാണുനരനീ
പാഠങ്ങൾതേടില്ലവൻ. 1

കത്തുംവഹ്നിദ്ദഹംകിളൎന്നു, കഴിനോ—
ക്കിപ്പാൎയ്യമെന്നും ജലം
നിത്യംക്രൂരമൃദ്ദക്കൾ കാകമതുപോൽ
മൎയ്യാദതിൎയ്യക്കകൾ
മൎത്ത്യൻതൻവികടസ്വഭാവമറിയു—
ന്നാരിന്നഹോ! ധീരനായ്
സത്യത്തെത്തടയും—സ്വയംപ്രകൃതിയേ
വഞ്ചിക്കമഞ്ചാതവൻ. 2

---

* ജാതിസ്പൎദ്ധനിമിത്തം ഒരു സമുദായസഭക്കെതിരായി മനഃപൂൎവ്വം അന്യായവിധി കല്പിച്ച ഒരു ജഡ്ജിയെ ഉദ്ദേശിച്ച എഴുതി 1084 കുംഭം, മീനം ലക്കം വിവേകോദയത്തിൽ പ്രസിദ്ധം ചെയ്യതു്.

Digitized By Kerala Sahitya Akademi

കായാതക്കരനിന്നൊരാറം തണലതിൽ
കാറേററവശ്ശുളംവിട്ട–
ന്നായാസംപരമാൻകഷ്ക, വിയ–
പ്പേ്ന്നുന്നതെന്തിന്നനീ ?
സ്വായത്തം, സ്ഥിരമിന്നിതെൻെറനിലമെ–
ന്നോത്തീടൊലാധൃത്തരാം
ന്യായാധീശ്വരരുണ്ടവക്ഷമനമെ–
ങ്ങോട്ടൊക്കെയങ്ങോട്ടുപോം. 3

ഭ്രവിൽഭ്രമിപതേ ഭവാൻെറ ഭുജമാ–
കംഭ്രരുഹച്ഛായയെ–
സ്സേവിച്ചസ്തഭയംവഹിച്ചധനമാ—
നാഢ്യങ്ങളും ജീവനും
ഹാ ! വദ്ധിപ്പവരെച്ചുഴന്നുവിളതി—
ന്നും വേലിയേവം വിഭോ
മേവുന്നെങ്ങിനിരക്ഷയെന്തുനയവി–
ശ്വാസംസമാശ്വാസവും ? 4

സൈന്യത്തിൻെറ വലിപ്പമോ പരമതിൻ
സാംഗ്രാമശ്ശൂരത്വമോ–
ടൌന്നത്യം കലരുന്നകോട്ടയരിഭീ–
മംശസ്ത്രസംഭാരമോ
ധന്യത്വംകലരാസ്വയംനരപതേ,
ധമ്മം സദാരക്ഷ്യമൊ—
ന്നന്യാഡംബരമൊക്കയെങ്ങതിനെഴും
രക്ഷയ്ക്കുദീക്ഷിക്കയാം. 5

Digitized By Kerala Sahitya Akademi

ആഹാ ! നിർമ്മലനീതിപീഠവരമേ
നിന്മേൽദുരാത്മാവൊരാൾ
സാഹങ്കാരമിരിപ്പതെങ്ങിനെ സഹി–
ച്ചീടേണ്ടുകണ്ടീജനം ?
ഊഹിച്ചാലിനിയജ്ഞപീഠമതിലേ–
റാം ഹീനനാം ശൌനികൻ
മോഹിക്കാംപതിദേവതൻ വിമലമാം
പൂമെത്തധൂർത്തൻവിടൻ. 6

വർദ്ധിക്കട്ടെനിജപ്രയത്നമതിനാൽ
വർഗ്ഗത്തൊടൊത്തുൽസുകൻ
സ്പർദ്ധിക്കട്ടഥവാ പരോന്നതിപൊറു—
ത്തീടാതെനേർത്തായവൻ
നിർദ്ദോഷങ്ങളതെക്കെഹന്ത ! ഭയമാം
നീത്യാസനസ്ഥായിയായ്
ദുർന്നൃത്വമിയന്നിടുന്നനരകീ—
ടത്തിൻ വിഷത്തിൽത്തുലോം. 7

ഉദ്യോഗത്തിന വേണ്ടതിന്നു ഗുണമ—
ല്ലഭ്യാസമാണാകയാൽ
വിദ്യേ, നിൻെറ വിശിഷ്ടമായബഹുമാനം
കഷ്ടമേ! നഷ്ടമായ്
അദ്യാശേഷകലാസഭേ, കപടവേ—
ഷത്തിൻെറനേപഥ്യമെ–
ന്നദ്യത്താംകറയാൻകണ്ണുകടുവായ്
തോന്നുന്നുനിൻ നാമവും. 8

Digitized By Kerala Sahitya Akademi

കഷ്ടം ! കാരുണികൻ പ്രജാധിപതിനിൻ
കയ്യിൽ സമർപ്പിച്ചതാം
ചട്ടററീടിന നീതിതൻെറ ഗളനാ—
ളത്തേയറുത്തഞ്ജസാ
ദുഷ്ടാത്മൻ, പരവർഗ്ഗവിപ്രിയതയെ—
പ്പാലിച്ചനീ നിൻപിതാ
കെട്ടിത്തന്നവരാംഗിയെക്കുലടയെ
ക്കാമിച്ചു കൊല്ലില്ലയോ? 9

പൊയ്യല്ലിങ്ങുഭയപ്പെടില്ല നരകം
ലോകാന്തരസ്ഥം, കഷ്ടം
കയ്യേലുന്ന ഖലൻ, സ്വയംനയപഥം
തെറെറന്നു തെററീടവേ
മെയ്യപ്പോഠതകരാനവൻെറ മരവി—
ച്ചീടും മനസ്സാക്ഷിതൻ
കയ്യിൽദേവ, കഠോരമാമശനിതാ—
നെന്തേകമേകാഞ്ഞുനീ ? 10

കുററംമേലധികാരിയാം കടിലനാർന്നൂ
ഹന്ത ! ദൃഷ്ടാന്തമായ്
മററുള്ളോരതെടുത്തുഹാ! തലമറിഞ്ഞൂ
ന്യായമന്യായമായ്
പററുന്നൂ പരീഹാരമററപകടം
പാർത്തീടിലീസൃഷ്ടിതാൻ
തെററീദേവ, തുടച്ചുചെയ്യുകപരം
നിർമ്മായനിർമ്മാപണം. 11

Digitized By Kerala Sahitya Akademi

പക്ഷേ, സത്യമറിഞ്ഞിടാതെപഴിഞ്ഞാ—
നോതാംമറിച്ചുള്ളതാം
പക്ഷാലംബനബുദ്ധിയററപലയോ—
ഗ്യന്മാരുമാരായുകിൽ
അക്ഷാന്തിയ്ക്കടിമപ്പെടായ്കമനമേ—
പോട്ടീശനിൽപ്രത്യയം
നിക്ഷേപിക്കയെവൻെറനീതിപദമീ
മാലിന്യമേലാദൃഢം. 12

Digitized By Kerala Sahitya Akademi

# * ഒരു അനുതാപം

പോരുംധീരതചിത്തമേ, പ്രിയമെഴ—
ന്നെന്നമ്മപോയാൾവിര—
ഞ്ഞാരാൽനോക്കുക ഭൃത്യപത്രമിതിലി—
ക്കാണുന്ന രൂക്ഷാക്ഷരം
നേരാമായതുനേരുതന്നെയറിവി—
ക്കുള്ള സാധുവെന്മാതുലൻ
പാരിൽപ്രാണിഗളസ്ഥയാംമൃതി മരി—
ക്കാമമ്മരോഗാതുരാ. 1

വല്ലാതിങ്ങനെ മൂഢഭാവമൊടവി—
ശ്വാസം വഹിക്കുന്നുതേ
കല്ലാമെന്മനമമ്മപോയി മനമേ,
ഹാ പോയി, ക്കേണീടുനീ
അല്ലെങ്കിൽ കനിവേതെനിക്കുവിരഹ—
ക്ലേശാർത്തയാംതായെ ഞാൻ
തെല്ലും ഹാ! ഗണിയാതെയിന്നിരുപതാ—
ണ്ടോളം കഴിച്ചു ജഡൻ. 2

ഓർക്കുമ്പോൾ ഫണിപോലെയെന്റെ കരൾ ദം—
ശിക്കുന്നുതേയമ്മതൻ
നേർക്കേതും കനിവെന്നിഹന്ത! നെടുനാൾ
ഞാൻചെയ്ത ദുസ്സാഹസം

---

* 'രണ്ടുകൊല്ലങ്ങൾക്കു മുമ്പു അമ്മ മരിച്ച വിവരത്തിനു കമ്പി കിട്ടിയ അവസരത്തിൽ എഴുതിയതു്' എന്ന നോട്ടോടുകൂടി 1088 മേടം, ഇടവം ലക്കം 'വിവേകോദയ'ത്തിൽ പ്രസിദ്ധം ചെയ്തിരുന്നു.



Digitized By Kerala Sahitya Akademi

ആർക്കും ദേയമതായ ദർശനസുഖം
താനും തദാശാഭരം
തീർക്കുംമട്ടുതകീല ഞാൻ—ഇനി നിന
ച്ചാലും ഫലിച്ചീടുമോ? 3

തീരട്ടേവ്യഥതുള്ളിയശ്രുപൊഴിവിൻ
നേത്രങ്ങളേ, കണ്ണുനീർ
തോരാതെന്നെനിനച്ചോരമ്മമൃതയായ്
ഹാ! ചിന്തതാനന്തരാ
പാരംചൂടെഴുമാറു ചെയ്തുഴൽകെടുത്തീ—
ടാത്ത ഘർമ്മാബ്ദമായ്
പൂരിക്കുന്നിതുമെൻെറ നീരസാവിവേ—
കത്തിൻഫലം കേവലം. 4

രണ്ടാണ്ടുള്ളിലൊരിക്കലാം, ജനനി, മൂ—
ന്നാണ്ടുള്ളൊരുന്നാളിലാം
കണ്ടീടുന്നിതുനാം, അതും ചിലനിമേ—
ഷംകൊണ്ടു വേർപാടിനാം
ഉണ്ടാമെൻെറ കിനാവുമുത്സവമതാ—
യമ്മാശ്ലേഷണാനോ സമൂൽ—
കണ്ഠാസംഭ്രമമേകിഹന്ത! സുഖമേ—
കിട്ടില്ലയിന്നാൾവരെ. 5

എന്നേൽപ്രീതിയൊടും ക്ഷമിക്കയപരാധം
ഞാൻ ക്ഷമിച്ചുണ്ണിയെ—
ന്നമ്മേ ചൊല്ലുക—കഷ്ടമമ്മ മൃതയായ്
പൊങ്ങില്ല നാവിങ്ങിനി!
ശർമ്മംചേർപ്പതിനെൻെറ സാന്ത്വവചനം
ചെല്ലില്ല കർണ്ണങ്ങളിൽ

Digitized By Kerala Sahitya Akademi

ധർമ്മാതിക്രമ ഭീരുഞാൻ—അനുശയം
ശേഷിച്ചേനിപ്പൊന്നുമേ. 6

നൂനംദേഹികൾതന്നിവാരഗതിയാം
യന്ത്രത്തിലൊന്നിൽതിരി—
ഞ്ഞൂനച്ഛന്ദമുഴന്നിടുന്നുബത ! നാം
കാണുന്നതില്ലെങ്കിലും
ഞാനാർദ്രാശയ,നമ്മയാത്തിമതി, ഞ—
ങ്ങൾക്കെന്തിനന്യാദൃശ്യം
താനേവന്നുവിയോഗം ഓക്കിലഴലേ—
റന്യാ ജയിച്ചൂ വിധി. 7

അച്ഛൻനന്ദനാവത്സലൻ സുചരിതൻ
ദ്യോവേറിയസ്സംഭവം
തച്ചീലീവിധമെന്നെയന്നിളയകാ—
ലത്തും പ്രവാസത്തിലും
അച്ഛിന്നം വളരും പ്രിയങ്ങൾ പരിബാ—
ധിക്കാം—അതല്ലമ്മയിൽ
സ്വച്ഛന്ദം തനയക്കെഴും സ്നേഹജമാം
ക്രൂറൊന്നുവേറൊന്നുമാം. 8

ഈഷൽസൌഖ്യവുമെന്നിയേവിധവയാ—
മെന്നമ്മഖേദിച്ച ഞാൻ
തോഷംപൂണ്ടുസുഹൃജ്ജനങ്ങളൊട്ടുമായ്
വാണേൻകൃതാത്ഥൻചിരം
ദോഷാശങ്കിനകന്നതഞ്ഞൊട്ടുവിലോ—
ക്കാനിക്കുമാറിന്നതിൽ
ദോഷംതോന്നിയെനിക്കുഭ്രതസുഖവും
ദുഃഖീഭവിക്കുന്നുതേ. 9

Digitized By Kerala Sahitya Akademi

പ്രത്യക്ഷക്ഷണമാത്മഭോഗസദൃശം
ഭാവിച്ചിടും ഭാവിയെ
സ്മൃത്യാരൂഢസുഖാസുഖങ്ങളിൽനിറം
തേച്ചും തനിക്കൊത്തപോൽ
മർത്ത്യൻനീണ്ടൊരുകാലതന്തുനടുവേ
നില്ക്കുന്നു, ചൂടൊന്നുപോൽ
മദ്ധ്യംകത്തിയെഴും ശലാകയുടെര—
ണ്ടററത്തുമെത്തുന്നുതാൻ. 10

കൈവിട്ടേൻസമുദായകൃത്യഭാരമെ—
ല്ലാംവേഗമമ്മയ്ക്കുഞാൻ
കൈവല്യാവഹമായ വൃത്തിയൊടന്ന—
ഞ്ഞുറത്തീകെടുത്തീടുവാൻ
ഹാ! വാഞ്ഛരിച്ചു; ഹതാശനായി!—നിമിഷം
നീട്ടായ്ക്കുകൃത്യംബുധൻ
ദൈവത്തിൻഗതിനാഗയാനകുടിലം,
നീപ്പോളയിജ്ജീവിതം. 11

ശോകത്താലിഹ "യോഗ" സംഗതിസ്മാ—
ധാനം തരുന്നില്ലെനി—
ക്കേകുന്നീല ചിരാനുഭൂതരസമി—
ന്നദ്ധ്യാത്മബോധംസുഖം
ഹാ കഷ്ടം! സുഖമല്ലതാൻസുഖവും ഇല്ലൈ
കാന്തികംസൌഖ്യം—ഈ
ലോകപ്രീതിദശാനിബന്ധനി, ഉപാ—
സിക്കുന്നു ദുഃഖത്തെത്താൻ. 12

# * ഒരു മംഗളാശംസ

പടിഞ്ഞാറു പൊങ്ങുന്ന പൂന്തിങ്കൾമേൽ നി—
ന്നടിഞ്ഞിങ്ങുപാറും നിലാവിൻ കുരുന്നോ
ചൊടിച്ചഭ്രകാരാഗൃഹം വിട്ടുചാടി—
ത്തടില്ലേഖയോ സഞ്ചരിക്കുന്നിതെങ്ങും! 1

തുലാഹീനമാം ധാടിതേടും സ്വനത്തിൻ
വിലാസത്തിൽ വിശ്വം ലയിപ്പിച്ചുനിത്യം
സുലാവണ്യമേലും പ്രഭേ! വാണിമാതിൻ
കലാജാതയായ് പോന്നപൊൻവീണയോനീ. 2

അതോപൌരുഷത്തോടെതിർക്കുന്ന ദീർഘ—
വ്രതോന്മീലിതസ്ത്രൈണവൈദഗ്ദ്ധിതാനോ
അതേ തോന്നുമിമ്മട്ടഹോതത്സ്വരൂപം
സ്വതേജ്ഞാനശക്ത പ്രഭാവോഗ്രമമ്മേ. 3

---

* ആനിബെസൻറമദാമ്മയുടെ72-ാമത്തെ ജന്മദിവസം പ്രമാണിച്ച് 'സനാതനധർമ്മം' പത്രാധിപർ മിസ്റ്റർ മഞ്ചേരി രാമകൃഷ്ണയ്യരുടെ ആവശ്യപ്രകാരം എഴുതിയത്.

Digitized By Kerala Sahitya Akademi

ഭയംവിട്ടുപൌരസ്ത്യവർഗ്ഗത്തിനായി
ജ്ജയംനേടിയിന്നമ്മ പോരാടിടുന്നു
സ്വയംസിദ്ധമായുള്ള തേജസ്സിനോർത്താൽ
വയസ്സേതയേ! വംശമേതേതുലിംഗം! 4

സ്വരാജ്യപ്രകാശത്തെ മന്നിൽപരത്തി
സ്ഥിരാനന്ദമാംദ്യോവുനോക്കിത്തിളങ്ങി
സ്ഫുരൽകാന്തികൈക്കൊണ്ടുനീ നില്ക്കുനീണാൾ
പര“ബ്രഹ്മവിദ്യാ”ലയപ്പൊൻവിളക്കേ. 5

Digitized By Kerala Sahitya Akademi

# * ദിവ്യകോകിലം

അല്ലെങ്കിൽ

# ടാഗ്ഗൂർ മംഗളം

അവ്യയനാമീശൻെറയാരാമരത്നംതന്നി–
ലവ്യാജകുതൂഹലം പാടിസ്സഞ്ചരിക്കുന്ന
ദിവ്യകോകിലമേ, നിൻപൊൻകണ്ഠനാളംതൂകും
ഭവ്യകാകളീപരിപാടികൾ ജയിക്കുന്നു.
ജലകണ്ണത്തിൽപോലുമസ്സുധാലഹരികൾ
കുളുർമയാൻറുപൂകിസ്സിരകൾ ചലിപ്പിച്ചു
പുളകമുണ്ടാക്കുന്നു ദ്രവിപ്പിക്കുന്നു ചിത്തം
ദളിതനിദ്രമാത്മതർപ്പണം ചെയ്തീടുന്നു.
അതിശാന്തമെന്നാലും ശക്തമാമതിൻധ്വനി
സതതംചൂഴ്ന്നകാററിൽത്തിരകൾ തല്ലിത്തല്ലി
ക്ഷിതിഗോളത്തെ ജഗദീശരാജ്യത്തിലേക്കു
കുതികൊള്ളിക്കും നവ്യചലനമുണ്ടാക്കുന്നു.
പൊന്നൊളിവീശിച്ചലിക്കുന്ന നക്ഷത്രങ്ങളാ–
മുന്നിദ്രപുഷ്പങ്ങൾ തന്നിടയിൽപറന്നെങ്ങും
ചിന്നുംപൊൽപൊടിപാററിത്തിളങ്ങുംനിൻദിവ്യാങ്ഗ–
സന്നിധാനംതാൻകണ്ണിനാനന്ദംചൊരിക്കുന്നു.

* തിരുവനന്തപുരം ടാഗ്ഗൂർ സ്വീകരണ കമ്മററി അദ്ധ്യക്ഷൻെറ അപേക്ഷപ്രകാരം എഴുതിയത്. തിരുവനന്തപുരം (26—3—98)

Digitized By Kerala Sahitya Akademi

അല്ലെങ്കിൽ ഖഗവര''രവി''താനല്ലോ ഭവാൻ
നല്ലചെങ്കതിർകളാം പൊൻതൂവൽചിറകുകൾ
മെല്ലവേവീശിവിണ്ണിൽപറന്നു ഭൂമുഖത്തി–
ലല്ലപൂശിയമഷിതുടച്ചും തേജസ്സല്ലൊ
അതുമല്ലോത്താൽ രവിഹൃദയത്തിൽനിന്നല്ലൊ
ശ്രുതിഗീതങ്ങൾ പുറപ്പെട്ടുന്നുകാലങ്ങളിൽ
വ്യതിയാനത്താൽവരും വിപ്ലവംനീക്കിലോക
സ്ഥിതി പാലിക്കേണ്ടതാസ്നേഹഗാനങ്ങളല്ലൊ.
ഏതുമിക്കെന്നാകിലുമേതുബീജമാകിലു–
മേതുവർണ്ണമായാലും മൈത്രിയാൽ പുഷ്പങ്ങളെ
ഭേദമെന്നിയെതലോടുന്ന പൊൻകരമേലും
ജ്യോതിസ്സേ, ജയിക്കനീ, ജയിക്കനിന്റെഗാനം
പാടുക, പാടുക, പൊൻകുയിലേ, ഭഗവാന്റെ
വാടിയിൽ പക്ഷാഗ്രത്താൽ അദ്രിവ്യപദാബ്ജങ്ങൾ
തടവിത്തടവി നീപറന്നു സുഖമായി
നെടുനാൾ''വിശ്വ''ത്തിന്റെ ഭൂതിക്കായ് ജീവിക്കുക.
അതിഥിയങ്ങെന്നാലും ഞങ്ങൾ തന്നിന്ദ്രിയങ്ങൾ–
ക്കതിസല്ക്കാരം ചെയ്തതേനൊഴുക്കിനാൽ ഭവാൻ.
സദയ''മുഷിജന്യ'' തേജസ്സെയങ്ങെത്തിയ
സുദിനമസ്തമിക്കാ ഞങ്ങൾക്കു തമസ്സിങ്കൽ
അഞ്ചിതാത്മാവേ ഭവദ്ദർശനത്താൽ താൻ രോമ–
കഞ്ചുകമാന്നോർസ്നേഹക്രീതരങ്ങേക്കീഞങ്ങൾ
തുഞ്ചലാളിതയായ കൈരളിതാൻപേരിലും
വഞ്ചിഭൂവിൻപേരിലും മംഗളമുരയ്ക്കട്ടെ.

Digitized By Kerala Sahitya Akademi

# * സി. വി. സ്മാരകം

അഥവാ

# നിന്നുപോയ നാദം

(കേക)

അത്ഭുതാനന്ദപീയൂഷംപൊഴിഞ്ഞുനി—
ന്നപ്രൌഢമാംധ്വനിമൂകമായിപോയിതേ!
ഇപ്പോഠംനാമാസ്വാദിക്കുന്നതതോത്തെഴം
കൈപ്പിന്റെമാധുര്യ്യമാകുന്നുമാന്യരെ.
ഹന്ത! നിസർഗ്ഗമധുരമാംവസ്തുക്ക—
ളെന്തൊരവസ്ഥയിലും മധുരങ്ങഠംതാൻ.
വെന്തെരിഞ്ഞാലുംമണക്കുന്നു ചന്ദനം,
വെൺതിങ്കഠംകാറടിഞ്ഞാലും വിലസുന്നു.
നിർണ്ണയമന്നാദവും മങ്ങിനമ്മുടെ
കർണ്ണപുടങ്ങളിൽതാൻവിശ്രമിക്കിലും
ദണ്ണമകന്നിപ്പോഴ്മത്തുമൂളുന്നു
വർണ്ണവിഹീനസൂക്ഷ്മാദാരരാഗങ്ങഠം.
മുഖ്യമായ് ജീവിതശൈലിയതുചൊല്ലി
യിക്കരെ,കല്ലോലകോലാഹലങ്ങളാൽ.
അക്കാറവശാന്തമായ്—ആമുഷ്മികകഥ
ഉഠംകടൽപോലിനു മൌനമായ്പാടുന്നു.

---

* പരേതനായ സാഹിത്യകുശലൻ സി. വി. രാമൻപിള്ള അ വർകളുടെ ഛായ തിരുവനന്തപുരം സർക്കാർ മ്യൂസിയം ഹാളിൽ സ്ഥാ പിച്ച സന്ദർഭത്തിൽ ചൊല്ലിയതു്. തിരുവനന്തപുരം (29—5—98)



Digitized By Kerala Sahitya Akademi

ആരാമപുഷ്പപരിമളധോരണി
പാരദേശങ്ങളിൽനിന്നുവന്നെത്തുന്നു.
സ്വൈരമവിടെച്ചരിക്കുംഖഗങ്ങൾതൻ
ചാരുഗാനാമൃതചാതുരികേൾക്കുന്നു.
എന്നല്ലമരാശനമാകുമസ്സുധാ—
സ്യന്ദങ്ങൾനമ്മൾതൻചിന്താരസനായിൽ
വന്നുവീഴുന്നിതാസൂക്ഷ്മനാദംവഴി—
യെന്നുവേണ്ടാപിന്നെയക്കരെ നില്ക്കിലും
അന്തിദ്ദിവാകരൻതൻപൊല്ക്കതിരുപോ—
ലന്തരാനീളംധ്വനിനികരങ്ങളാൽ
പാലംപണിയുന്നുമുണ്ടതുധന്യരെ,
ലോലമനോജ്ഞതമായ് നമ്മൾക്കുപോകുവാൻ.
ചിന്തിക്കുവിൻ! ആ വിരഹഖേദം, സുഖ—
ബന്ധമാർന്നിപ്പോൾ സുഭഗമായ്ത്തീർന്നിതെ.
സഞ്ചിതകൌതുകമെന്നും വിദ്യുന്നിനായ്
സഞ്ചരിച്ചീടുന്നുഹന്ത! ലോകങ്ങളിൽ.
അഞ്ചിതമായ് കൈകൾകോർത്തുപിടിച്ചുപൂം—
പുഞ്ചിരിയും ചുടുകണ്ണീരുമൊത്തുതാൻ
ഉൾക്കാമ്പിലാശകുലന്തതാനാകയാൽ
സല്ക്കരിപ്പൂ ഞങ്ങൾനിന്നെ നിനാദമേ.
ഉൾക്രാന്തരായ്സ്സുഹൃത്തുക്കൾ പോയ് വാഴുമ—
സ്വർഗ്ഗമീബ് ഭ്രമിക്കു ദൂരമല്ലേതുമേ.
''മാർത്താണ്ഡ'' ദേവോദയംതുടങ്ങി ''പ്രേമ''
മൂർത്തി ''മൂലാ''വധിതൻ നൃപന്മാരെയും
ചീർത്തൊരമ്പാൽതൻ ജനനിയാകും പുണ്യ—
കീർത്തിയീവഞ്ചിവസുന്ധരതന്നെയും
ശ്രീമതപമേറിയതന്നന്ദനാരെയും
തൂമയിൽ സേവിച്ചു വെണ്മയേററിച്ചിരം
കൈരളിതൻ തൃക്കഴുത്തിലഭിനവ—

Digitized By Kerala Sahitya Akademi

ഹാരാവലികളർപ്പിച്ചു വിജയിയായ്
ജീവലോകംകൈവെടിഞ്ഞുപോയ് നിത്യമാം
പാവനധാമമണഞ്ഞപൂജാർഹനാം
വാഗ്ദേവതയുടെ വീരഭടൻ ഭവാൻ
ഭാഗ്യനിധേ, മടങ്ങീടുകിച്ഛായയിൽ.
ധീരമനോജ്ഞമാമാകാരധാടിയും
വീരകരുണാദിനാനാരസോൽകരം
പാരംതിരതല്ലിയാസ്യഭൂവിൽരണ്ടു
വാരിധിപോലെ വിലസും മിഴികളും
സ്മേരമധുരമധുരവും മററുമി—
ച്ചാരുപ്രതിമവിഡംബികളെങ്കിലും
ഹന്ത! നിൻ ചൈതന്യമില്ലതിനായതും
നിന്തിരുസാന്നിദ്ധ്യമൂലമുണ്ടാകുക.
സാഹിതിതന്നെയും രാജ്യത്തെയും ശുദ്ധ—
സൌഹൃദമാർന്നുസംസേവിച്ചു വാഴുവാൻ
ദിവ്യകലാരൂപ, നീയിങ്ങുഞങ്ങളെ
യവ്യാജരാഗമനുഗ്രഹിച്ചീടുക.
സുവ്യക്തമായ് ലിപിയിൽ പ്രണവംപോലെ
ഭവ്യനിനാദമേ, നീയിതിൽത്തങ്ങുക!

Digitized By Kerala Sahitya Akademi

# * ഒരു ഉൽബോധനം

സൂര്യൻകിഴക്കുദിക്കാറായ്
സരഘാനിവഹങ്ങളെ!
സ്വാതന്ത്ര്യമധുതേടീടാൻ
സോത്സാഹമെഴുന്നേല്ക്കുവിൻ. 1

പറന്നുപോവിൻ! പുഷ്പങ്ങ—
ളെങ്ങെന്നാലങ്ങുചൊല്ലുവിൻ!
പുലർകാലത്തു തേനീച്ച—
യുറങ്ങാസ്സുദിനങ്ങളിൽ. 2

ഭിന്നവർണ്ണങ്ങൾപൂക്കൾക്ക
ഭഗവാൻ ചിത്രഭാനുതാൻ
ഔദാര്യമാന്നു നൽകുന്നു
നിങ്ങൾക്കുത്സാഹമേററുവാൻ. 3

തുല്യമായ് സർവ്വസുമവും
തലോടി മന്ദമാന്നിതാ
പ്രഭാതവായു പോകുന്നു
പോവിൻ നിങ്ങളുമേവഴി. 4

---

* 1097 ഫെബ്രുവരിമാസത്തിൽ എഴുതി 'മിതവാദി'യിൽ പ്രസിദ്ധം ചെയ്തതു്.

Digitized By Kerala Sahitya Akademi

വീട്ടിലോ നാട്ടിലോ വല്ല
കാട്ടിലോ മേട്ടിലോ സ്വയം
പൂവു സൃഷ്ടിച്ച കയ്യുണ്ടു
വിളിക്കുന്നുണ്ടു നിങ്ങളെ. 5

ചെന്നാമ്മലരിനെല്ലാവും
ദളം ദ്വിഗുണമാൎന്നപോൽ
ചിറകൎപ്പിച്ചു ലോകൎക്കു
ചേൎപ്പിൻ കണ്ണിന്നുകൌതുകം 6

സ്വയം മുകുളജാലത്തി—
നുള്ളത്തിലമൃതാക്ഷരം
ഉപദേശിച്ചു സദ്‌ബോധ
മുണ്ടാക്കി മധുവുണ്ണുവിൻ. 7

മന്ത്രിക്കുവിൻ കൂടി നാനാ—
മാൎഗ്ഗത്തൂടെ ചരിക്കുവിൻ
വെവ്വേറായ് മോക്ഷമാൎജ്ജിപ്പി—
ന്നൊന്നായ് ചേൎന്നു കാക്കുവിൻ. 8

തരുശാഖയിലോ താഴെ—
പ്പൊത്തിലോ കന്ദരത്തിലോ
ഗൃഹകോടിയിലോ സംഘം
കൂടി ക്ഷേമം നിനയ്ക്കുവിൻ, 9

Digitized By Kerala Sahitya Akademi

ഉപദ്രവിക്കായ്‌വിൻ പോ—
യൊരു ജന്തുവിനേയുമേ
അപായം തടയാൻ ഘോര
ഹുങ്കാരം കൂട്ടി നില്ക്കുവിൻ. 10

തേനോളം സ്വാദ്യമായ് ലോക—
ത്തെങ്ങുമില്ലാർക്കുമൊന്നുമേ
അതിൻെറയപഹർത്താക്ക—
ളത്രേയസുരരോർക്കുവിൻ. 11

മുഖത്തുണ്ടിന്നു നിങ്ങൾക്കു
ദൈവദത്തമൊരായുധം
മൃദുവെന്നാകിലും തീക്ഷ്ണം
പേടിക്കുമതുവൈരികൾ. 12

വഞ്ചിശ്രീയെക്കവരുവാൻ
പണ്ടുവന്നൊരു മുഷ്കരൻ
മുകിലൻ പടയോടൊത്തു
മുടിഞ്ഞൂമക്ഷികാളിയാൽ. 13

അതോർക്കും ധൂർത്തരീയുഗ്ര
സംഘം കണ്ടു ഭയപ്പെട്ടും
ന്യായസ്ഥരുടെ ശൌര്യത്തെ
വിശേഷിച്ചഞ്ചുമാരുമേ. 14

Digitized By Kerala Sahitya Akademi

മുറിവേല്പ്പിക്കിലും ധൂർത്തർ
പത്രം ചുട്ടുകരിക്കിലും
മുഷ്ടിന്നു കീഴടങ്ങാതെ
മരിപ്പോളം തടുക്കുവിൻ. 15

മലക്കുണ്ടിൽ മറിഞ്ഞെത്ര
കീടം ചാകുന്നു നാൾക്കുനാൾ
മധുകാത്തുററ തേൻകൂട്ടിൽ
മരിപ്പിൻനിങ്ങൾ വേണ്ടുകിൽ. 16

സ്വാതന്ത്ര്യംതന്നെയമൃതം
സ്വാതന്ത്ര്യംതന്നെജീവിതം
പാരതന്ത്ര്യം മാനികൾക്കു
മൃതിയേക്കാൾ ഭയാനകം. 17

സ്വാതന്ത്ര്യമധുതേടീടാൻ
സരഘാനിവഹങ്ങളെ
തുണയ്ക്കും നിങ്ങളെദ്ദീന—
ദയാലു ജഗദീശ്വരൻ. 18

Digitized By Kerala Sahitya Akademi

# * സിംഹനാദം

ഉണരിനുണരിനുള്ളിലാത്മശക്തി
പ്രണയമെഴും സഹജാതരേ തരിപ്പിൻ !
രണപടഹമടിച്ചു ജാതിരക്ഷാ—
സ്സുണവൊരിടങ്ങളിലൊക്കെയെത്തിറോപ്പിൽ. 1

കരനഖനിരകൊണ്ടു ക്രൂരിരുട്ടാം
കരിയുടെകുംഭമുടച്ചു ചോരതൂവി
തരയൊട്ടുദയമാന്നു നിങ്ങളോടീ
''ഹരി''യുരചെയ്യുതു ഹന്ത, കേട്ടകൊൾവിൻ. 2

നെടിയൊരിരുൾ തുലഞ്ഞു രാത്രിയോടും
കൊടിയ പിശാചുകൾ കോടിപോയ്മറഞ്ഞു
മുടിവിനു നിഴൽകണ്ടു മൂലതോറും
കുടികളിൽ നില്പിതു ഘോരഭൂതമേകം. 3

ഝടിതിയവനൊയാഞ്ഞു വേട്ടയാടിൻ
നൊടിയളവിക്കലി നില്ക്കിലുണ്ടപായം
പടിമപെരുതവനു പേപിടിപ്പി—
ച്ചടിമകളാക്കിടുമാരെയും ദുരാത്മാ. 4

---

*സഹോദരൻ പത്രത്തിനുവേണ്ടിഎഴുതിയതു്. (കൈതമുക്ക് 14-2-19)

Digitized By Kerala Sahitya Akademi

സമത സമത യെന്നമന്ത്രരത്നം
സതതമിയന്ന മുഖത്തൊടും സധൈര്യം
അമരിനയി വിവേകനിത്യയന്ത്രം
വ്രതമൊടണഞ്ഞൊരു നെഞ്ചൊടുംത്വരിപ്പിൻ. 5

പറക പണിയിരുട്ടു പെററതാകും
പറയനിവൻ സ്വയമെന്തു വിദ്യയാലോ
മറയവരുടെ മണ്ടയിൽ കരേറി
കുറകൾപറഞ്ഞു മുടിച്ചു കേരളത്തെ. 6

നരനുനരനശുദ്ധവസ്തുപോലും
ധരയിൽനടപ്പതു തീണ്ടലാണുപോലും
നരകമിവടമാണു ഹന്തകഷ്ടം
ഹര ! ഹര ! ഇങ്ങിനെ വല്ലനാട്ടുമുണ്ടോ? 7

പരരിലലിവെഴാത്ത ദുൎജ്ജനത്തിൻ—
കരബലജല്പിതമാണു ജാതിഭേദം
ദുരയൊടവർ മിടഞ്ഞുവെച്ചമൌഢ്യ—
ത്തിരയിലൊളിക്കരുതാരുമാത്മദീപം. 8

എരികെരികമദീയരുള്ളിലർച്ചി—
സ്ഫുരിതജഡാഞ്ചിതനിത്യദീപമേ!നീ
പെരിയൊരരിയെ നിങ്ങളും പോയ് ജയിപ്പിൻ
പരിചൊടു സിംഹയുവാക്കളേ!സലീലം 9



Digitized By Kerala Sahitya Akademi

# * സ്വാതന്ത്ര്യഗാഥ

സ്വാതന്ത്ര്യരാജ്യത്തിൻ സാമ്രാട്ടെ, തേജസ്സിൻ
വ്രാതമാം സ്വർണ്ണസിംഹാസനത്തിൽ
ജ്യോതിഷ്കിരണാവലിച്ചെങ്കോൽ തൃക്കൈയിൽ
ദ്യോതിപ്പിച്ചമരുന്ന തമ്പുരാനെ.— 1

നിന്തിരുവാഴ്ച ജയിക്കട്ടെ! പീഡയിൽ
പിന്തിരിയാത്ത "തലമുറകൾ"
സന്തതം ഘോഷിച്ച മാറ്റൊലിക്കൊള്ളട്ടെ!
നിന്തിരുനാമം ഭുവനമെങ്ങും. 2

അന്ധകാരത്തിന്റെയാഴത്തിൽക്രൂരമാ—
മെന്തൊരു മായാവ്യവസ്ഥയാലോ
ബന്ധസ്ഥരായ് ഞങ്ങൾ കേഴുന്നു ദേവ, നിൻ
സ്വന്തകിടാങ്ങൾ, നിരപരാധർ. 3

* എരമല്ലൂർ വെച്ചുനടന്ന എസ്സ്. എൻ. ഡി. പി. യോഗസമ്മേളനത്തിൽ പാടുവാൻ എഴുതിയതു്. (9—9—97)

Digitized By Kerala Sahitya Akademi

ഓരുന്നു ഞങ്ങൾ പിതാവേ, നിൻകൺമുന
ദ്ദൂരത്തും തേന്മഴ ചാറുമെന്നും
ക്രൂരതതന്നുടെ റോരേയത്തന്നൊ
ഘോരമിടിത്തീയായ് മാറുമെന്നും. 4

ചുട്ടററ നിൻ കരവാളിൻ ചലൽപ്രഭ
തട്ടുമാറാക ഞങ്ങൾക്കു കണ്ണിൽ
വെട്ടിമുറിക്കുക കാൽച്ചങ്ങല വിഭോ !
പൊട്ടിച്ചെറികയിക്കൈവിലങ്ങും. 5

ഞങ്ങളെപ്പോക്കുക, ക്രൂരിരുട്ടിൻകോട്ട—
യെങ്ങും ചവിട്ടി നിരത്തുവാനും
തങ്ങളിൽ കൈകോർത്തു മോക്ഷസുഖാബ്ധിയിൽ
മുങ്ങിക്കുളിച്ചു പുളയ്ക്കുവാനും. 6

സത്യം ശ്വസിച്ചും സമത്വം കണ്ടും സ്നേഹ—
സത്തുനുകർന്നും കൃതാർത്ഥരായി
സദ്ധർമ്മത്തൂടെ നടക്കട്ടെ, മാനവ—
രിദ്ധര സ്വർഗ്ഗമായിത്തീർന്നിടട്ടെ,—(സ്വാതന്ത്ര്യം) , 7

Digitized By Kerala Sahitya Akademi

# * വിവാഹമംഗളം

അവ്യയൻ ശിവനുമാദിദേവിയും
ദിവ്യനാം ഗുരു മനക്കൾ ദേവരും
ഭവ്യമേകുകയലിഞ്ഞു നിത്യമീ—
നവ്യദമ്പതികൾ മേലനാകുലം. 1

രമ്യമാം മിഥുനമേ, വിവാഹമാം
ധർമ്മപാശമിതു നിത്യമോക്ഷവിൻ
തമ്മിലുണ്മയൊടു നിങ്ങളൊപ്പമായ്
ശർമ്മപിഡകൾ പകുത്തുവാഴുവിൻ. 2

കാണികല്‍മഷവുമെന്നിസൌഹൃദം
പേണുവിൻ, ധരയിൽ നൂറുവത്സരം
പ്രാണനും തനുവുമെന്നപോലവേ
വാണു നിങ്ങൾ പുരുഷാർത്ഥമേലുവിൻ. 3

* 'പഴയ നോട്ടുബുക്കിൽനിന്നു' എന്ന കുറിപ്പോടുകൂടി 1088 കുംഭം, മീനം ലക്കം 'വിവേകോദയ'ത്തിൽ പ്രസിദ്ധം ചെയ്തതു്.

Digitized By Kerala Sahitya Akademi

# * സന്ധിഗീതം

(കിളിപ്പാട്ട്)

പാടുന്നൂദേവതകൾ, അസുരമുഖാവലി
വാടിമങ്ങുന്നൂ പുലർകാലതാരങ്ങൾപോലെ,
ഹന്ത! ഭൂമിയുമദ്രിനിരയുമടവിയു
മന്തരീക്ഷവുമംബുരാശിയുംകീഴ്മേലാക്കി,
അക്ഷദണ്ഡത്തിൽനിന്നുമേദിനീചക്രംതന്നെ
തൽക്ഷണംതെററിത്തകർന്നീടുമാറത്യുഗ്രമായ്
അടിച്ച കൊടുങ്കാററുശമിച്ചു, മന്ദാനിലൻ
സ്ഫുടമായ്പൂവാടിയിൽ ശ്രുള്ളമിട്ടെത്തീടുന്നു.
ദ്യോവിൻെറ ചെകിടടഞ്ഞീടുമത്യുച്ചഘോരാ—
രാവമാമിടികളാലട്ടഹാസങ്ങളിട്ടും,
ആവിജ്വാലയാലക്കനേത്രവുമഞ്ചിടുന്ന
തീവിങ്ങുംമിന്നൽക്കണ്ണുതുറിച്ചുനോക്കിക്കൊണ്ടും,
ചണ്ഡനായങ്ങണഞ്ഞദുഷ്ടാലരാക്ഷസൻപോയി;
ഗണ്ഡബിംബത്തിങ്കൽഭയകാളിമയെല്ലാംനീങ്ങി
പ്രകൃതിദേവിപാടലോഷ്ഠത്തിൽവീണ്ടുംമല്ലീ
മുകുളധവളമാംപുഞ്ചിരിപൂണ്ടീടുന്നു.

---

VII-ാംവാല്യം 8-ാംലക്കം മിതവാദിയിൽ പ്രസിദ്ധംചെയ്തത്.
ആലുവാ 9—8—19.

Digitized By Kerala Sahitya Akademi

രക്തരക്തമാംവസ്ത്രം വായുവിലോട്ടുപാറി
സക്തമായൊട്ടുനിലത്തടിഞ്ഞു ദീക്കയത്തിൽ
മുക്തബന്ധമായൊട്ടിഴയുമാറംഭോസി
രക്തമേഘാളി പൂണ്ടഘോരസന്ധ്യംപോലെത്തി
പീരങ്കിയുടെ കഠോരാരവങ്ങളാം വാദ്യം
പൂരിച്ചപോക്കളത്തിലഗ്നിഗോളങ്ങൾകൊണ്ടു
പന്താടിത്തുള്ളിയാർത്തുനിന്നൊരു രണകൃത്യ
മന്ത്രശക്തിയാലെന്നമാതിരിഭൂവിൽവീണു
നഷ്ടചേഷ്ടയുമായി ഹാ! ദേവകൃപാമൃത —
വൃഷ്ടിപാതത്താൽ കെട്ടകാട്ടതീയെന്നപോലെ,
എന്നല്ലക്കൃത്യയുടെചരമരംഗമായി
നിന്നൊരാനിശാചരപ്രിയയാം ഘോരരാത്രി
പാരംകാണാതെ കരകവിഞ്ഞക്രൂരിരുട്ടിൻ
പൂരങ്ങൾ വാന്നോഴിഞ്ഞുവിളറിവൃദ്ധയായി,
അതുമല്ലേററം ക്ഷതഗാത്രിയായ്‌വിഷവായു
വ്രതയായിരുട്ടിൽ കിടന്നു വീപ്പുമുട്ടി
നൈരാശ്യനിബിഡമാംവിപത്തുനിറഞ്ഞുള്ള
ദാരുണമാദീർഘദുഃസ്വപ്നംകണ്ടുകണ്ടു
കാഞ്ഞഭൂവിൻെറ നെററിത്തടത്തിൽ ദേവിയുഷ
സ്സാഞ്ഞെത്തി മുഖവായുവൂതുന്നുതണുക്കവാൻ.
ഭംഗിയിൽ സംസ്കരിച്ചവെണ്മതേടുന്നശുദ്ധ
മംഗലാംബരം ധരിച്ചതിമോഹനാംഗിയായ്
ഉടനെവിടന്നുള്ള പനിനീപ്പൂമഞ്ജരി
മുടിയിലണിഞ്ഞെത്രിദുരത്തു ദിലസുന്നു,

Digitized By Kerala Sahitya Akademi

അളിയും തേനീച്ചയും ശ്രുതികരം മുഴക്കുന്നു,
കിളികൾ കൂട്ടുകളിൽ ഗാനങ്ങൾ തുടങ്ങുന്നു,
കളമാംകാൽചിലമ്പിന്നൊലിയാർന്നെത്തീടുന്നു
നളിനീ വനങ്ങളിൽ നർത്തനംചെയ്യാൻലക്ഷ്മി,
കേൾക്കുന്നു സ്പഷ്ടമായും മധുരമായും രോമം
ചീർക്കമാറിതാവീണ്ടും സൌമ്യസൌമ്യയാംശാന്തി
തൻകരപല്ലവാഗ്രംതടവി ലയമാർന്ന
തങ്കവീണക്കമ്പികൾതുവുംകാകളിതാനം. (പാടുന്നു)

മൂട്ടവെന്നാകിലുമി''ബ്ഭൂപാല''ശാന്തിരാഗ—
മുദിതപ്രസരമായ് മുഴങ്ങിമൂകമായ
പോക്കളംതോറം പ്രതിധ്വനിച്ചുംതിരതല്ലി
യാർക്കുന്നകടൽപാട്ടിൽകലൻനും, നിർമ്മാംസമായ്
കാക്കശ്യമാന്നങ്ങുകിടക്കുമസ്ഥികൾക്കും
ചേർക്കുന്നു പുനർജ്ജീവിതാംശകളെന്നുതോന്നും.
പാവനമനോജ്ഞമാമന്നാദംകേട്ടുമെല്ലെ—
ജ്ജീവികളുള്ളിൽ സ്മാശ്വാസമാർന്നുണരുന്നു.
ഭൂവലാരികൾവാഴും മേടകൾമേലുംശ്രദ്ധ—
പാവങ്ങൾകിടക്കുന്ന പുല്ലുകുടിൽകണ്ടിൽപോലും
ദിനശ്രീയഭിനവകാന്തി തേടുന്നു, സന്ധി
പുനർജ്ജീവിപ്പിച്ചപ്പു കോൾമയിർകൊണ്ടീടുന്നു.
ഘനഘോഷംപോൽ കേൾക്കുമുത്സവവെടികളി—
ജനതയുടെയുൾക്കാമ്പിളക്കിമറിക്കുന്നു.
അന്തിമേഘങ്ങൾപോലെയംബരം നിറഞ്ഞെങ്ങും
പൊന്തുന്നുപലവർണ്ണമാർന്നെഴും പതാകകൾ.

Digitized By Kerala Sahitya Akademi

ഹന്ത! നാകത്തോളവുമുയൻശോഭിക്കുന്നു
ബന്ധുശക്തികളുടെ നിശ്ചയജയസ്തംഭം
ആസുരകിരീടങ്ങൾ തച്ചുടച്ചിട്ടത്തൊരു
ഭാസുരരത്നങ്ങളാമാധാരശിലകൾമേൽ
നിർമ്മലമാമമ്മഹാ സ്ഥപികപണിചെയ്ത
ധർമ്മജ്ഞരുടെശില്പവൈഭവംജയിക്കുന്നു.
എത്രയോലക്ഷംബന്ധുഭടന്മാർവികടമാം
മൃത്യുവിൻതുറന്നവക്ത്രത്തിൽ നിർഭയംചാടി
ഇത്രകേമമാംദിവ്യഗോപുരംതീർപ്പാൻസ്വന്ത
മസ്ഥികളായവെള്ളക്കല്ലുകൾ നൽകീടിനാർ.
നിജഗേഹത്തെ, നിജധനത്തെ ബന്ധുക്കളെ
നിജപ്രേമത്തെ, നിജപ്രാണനെത്തന്നയുമെ
തൃണമായോർത്തു വലിച്ചെറിഞ്ഞുപോയ രാജ—
പ്രണയികളെ,നിങ്ങൾജയിച്ചുധീരന്മാരെ! (പാടുന്നു)
ഹന്തരാത്രിയുമിന്നുവേഗത്തിൽ വന്നെത്തുന്നു
ചന്തമാന്നിക്കൌതുകംകാണുവാനെന്നപോലെ
അഞ്ചിതരാഗമേലും കവിളിൽവഴിയുന്ന
പുഞ്ചിരിപ്പൊലിമയാം പൂന്നിലാവോടുമിതാ
അംബരസമുദ്രത്തിലമരരോടിച്ചെത്തും—
ഡംബരമാന്നവെള്ളിത്തുങ്കളിക്കപ്പലായ
വെണ്മതികലയെപ്പോയ്മനുഷ്യവിമാനങ്ങൾ
നന്മയീലെതിരേററ കളിച്ചുരസിക്കുന്നു.
തിങ്ങുന്നുനിരനിരയായ് പലനിറമാന്നി—
ന്നെങ്ങുമേ ദീപാവലിയസംഖ്യമായിതോത്താൽ,

Digitized By Kerala Sahitya Akademi

പൊങ്ങിയുത്സവംനോക്കിനില്പൂയാംതേജസ്വിക—
ളങ്ങുള്ളതരായമിത്രസൈനികാത്മാക്കൾ.
ജയിക്കമാനികാംക്ഷ ജീവനാംസൽസ്വാതന്ത്ര്യം,
ജയിക്കസമസ്താനുഗതമാംഭ്രാതൃസ്നേഹം,
ജയിക്കയക്ഷതയായ്ശ്രുഭയാംരാജനീതി,
ജയിക്കശാശ്വതമാംധമ്മവുമെന്നല്ലഹോ
ജയിക്ക''ബൃത്താനിയേ''ജഗദീശൻെറനിത്യ—
ദയയ്ക്കും പ്രസാദസമ്പത്തിനും പാത്രമായ്നീ
ജയിച്ചുകളാംബന്ധുശക്തികളോടുമായ്
നയജ്ഞെ, ലോകക്ഷേമങ്കരി, നീജയിക്കുന്നു.
പാടുന്നുദേവതകളസുരമുഖാവലി
വാടുന്നു—ഭവിക്കുകശാന്തിയും ശ്രീയുംനിത്യം !

Digitized By Kerala Sahitya Akademi

# * അദ്ധ്യാപകവൃത്തി

(കിളിപ്പാട്ട്.)

മഴമേഘത്തിൻ മുകൾഭാഗത്തുവെള്ളിച്ചിറ—
കഴകിൽപരത്തുന്നഹംസത്തിൻ തൂമിന്നലായ്
വഴിയും കൃപയോടും കാണുവിൻ ശ്രീകേരള—
മൊഴിമാതാവിൻദിവ്യസാന്നിദ്ധ്യം മാന്യന്മാരേ.
സ്വച്ഛമാംസുരലോകസീമയിൽ ശ്രീമെത്തും ത—
ന്നുച്ചമാം സ്ഥാനംവെടിഞ്ഞൂഴറിപോന്നാൾദേവി
നിശ്ചയം നിജഭക്തർക്കേണിടും ദിക്കിലെത്തും
സ്വച്ഛന്ദം സ്നേഹപരാധീനകൾ ദേവതകൾ.
ശങ്കവേണ്ടതുമല്ലനിങ്ങൾക്കായ്ദേവിമുഖ—
പങ്കജംവിടർന്നോലും മാധ്വിയാമനുഗ്രഹം
മങ്കൊമ്പിൽ മറഞ്ഞിരുന്നിമ്പമായ് പാടീടുമീ—
പൂങ്കുയിലിൻെറ നീണ്ടരാഗത്തിൽ കലർത്തുന്നു.
കേൾക്കുവിൻ കൌതുഹലംകൈക്കൊണ്ടുമൃദുവാമാ—
വാക്കുകൾ ഹിതമിതാക്ഷരങ്ങൾ വരിഷ്ഠങ്ങൾ.
ഉൾക്കാമ്പുല്ലസിപ്പിക്കുമതുകളാധിച്ചൂടാൽ
ശുഷ്കമാംശ്രോത്രസിരതന്നെയും തണുപ്പിക്കും—

---

* പറവൂർ അദ്ധ്യാപകയോഗത്തിൽ വായിച്ചതും 'കേരളപാണിനി' മാസികയിൽ പ്രസിദ്ധം ചെയ്തതും. (ആലുവാ 13-9-95)

Digitized By Kerala Sahitya Akademi

"മംഗലംവത്സന്മാരേ വഞ്ചിലക്ഷ്മിയാം വാഴും
തുംഗമാം മണിസൗധം താങ്ങീടും സ്തംഭങ്ങളേ
ഗുരുനാഥന്മാർ നിങ്ങളെന്നിഷ്ടകുമാരന്മാ—
രരുതുഖേദിക്കവതീവിധമൊന്നുകൊണ്ടും.
വാടിയും വിളറിയും കാണുന്നൂകഷ്ടം ! കാന്തി
ധാടിയിൽ നീന്തിടേണ്ടും നിങ്ങടെ മുഖാംബുജങ്ങൾ.
പേടിവേണ്ടാ നിങ്ങളെ ദുർഭിക്ഷരക്ഷസ്സിന്റെ
ചൂടേറും കുക്ഷിപോലും ദഹിയാഗ്ഗുരുതചത്താൽ.
കേടണച്ചീടാനിങ്ങളുംക്കാപത്തുഗുണമേലും
ഹാടകംകത്തിപ്പോകില്ലഗ്നിയിലറിഞ്ഞാലും.
മറിച്ചുമതഭക്തക്കമാറേററാൻ ചിലകാലം
കുറച്ചൊന്നുമല്ലല്ലൽ ഞാൻതന്നെ നൽകുന്നുണ്ടാം.
തേഞ്ഞവല്ലങ്ങൾ കാന്തി ചിന്നുന്നു, വെയിലേററ
കാഞ്ഞചൂതങ്ങൾ കനിയുതിരാൻ പൂത്തീടുന്നു.
ആകയാൽ നിങ്ങളുടെ പവിത്രവൃത്തിതന്നി—
ലാകുലഭാവംവിട്ടു സോത്സാഹം വത്തിക്കുവിൻ !
ജീവനും കാവ്യൻ താനുമെന്നല്ല ധരണിയിൽ
പാവനാത്മാക്കൾ വസിഷ്ഠാദ്യരാമൃഷിമാരും
കേവലം കുലപരമ്പരയായ് കൈക്കൊണ്ടുള്ള
ജീവനമദ്ധ്യാപനമുത്തമോത്തമമല്ലോ.
ചിരകാലമായ് ധർമ്മം മാറീട്ടും കാലചക്ര—
പരിവത്തനത്തിലാവൃത്തിതൻ വ്യവസ്ഥയിൽ
പെരുതാം ഭേദംവന്നുപോകിലും പററീട്ടില്ല
പരമാത്ഥത്തിലതിൽ കളങ്കമറിഞ്ഞാലും.
ബാലചിത്തത്തിൽ ഗുണാങ്കുരങ്ങൾ പാകാനുള്ള
മേലായഭാഗ്യമിന്നും നിങ്ങടെ കൈക്കാകുന്നു.
ശീലചേഷ്ടകൾ പകത്തീടുന്നതിന്നും, വിദ്യാ—
മൂലതത്വങ്ങൾ ചൊല്ലും ഗുരുവിൽനിന്നുബാലൻ.
പാവനാശയന്മാരെ!യതിനാൽ ചുരുക്കത്തിൽ

Digitized By Kerala Sahitya Akademi

സാവധാനമായ് കേൾപ്പിൻജനങ്ങൾവിശ്വാസത്താൽ
ഭാവിയാം വഞ്ചിരാജ്യം സൃഷ്ടിചെയ്യുവാനുള്ള
കേവലമായ മണ്ണുനിങ്ങളെയേൽപ്പിക്കുന്നു.
ഭംഗിതാൻ വൈരൂപ്യം താനാശില്പത്തിനുഭവ—
ദംഗുലിവ്യാപാരത്തെയാശ്രയിച്ചിരിക്കുംമേൽ.
ഭംഗമെന്നിയെപരമോത്തരവാദമാൻ
തുംഗമാമസ്ഥാനത്തിൽ വർത്തിപ്പിൻസദൃശരായ്
ശരി, ലേഖനിയേന്തും നിങ്ങൾക്കു മൺവെട്ടിയോ?
കരിയോവഹിച്ചീടുമക്ഷരവിഹീനന്റെ
കൂലിയേക്കാളും കുറവായ വേതനംനൽകി
മാലേകും ലജ്ജാകരകഥ ഞാനറിയുന്നു.
സങ്കടം ഭദ്രന്മാരെ താമസിയാതെതീരും
ശങ്കിയായ്വിൻകുചേലശ്രീകൊണ്ടുജാലംകാട്ടും
മലർമാതിൻകാന്തന്റെ മന്ദിരദാസൻമൂല—
കുലശേഖരപ്പെരുമാൾ ചേർക്കും കൃപാദൃഷ്ടി.

Digitized By Kerala Sahitya Akademi

# * കാവ്യകല

അഥവാ

# ഏഴാം ഇന്ദ്രിയം

ഏകാന്തം വിഷമമൃതാക്കിയും വെറുംപാ–
ഴാകാശങ്ങളിലലർവാടിയാരചിച്ചും
ലോകാനുഗ്രഹപരയായെഴും കലേ നിൻ
ശ്രീകാൽത്താരിണയടിയങ്ങൾ കുമ്പിടുന്നു. 1

ആർക്കും നിൻ വടിവറിവില്ല, യർഘ്യമാല്യം
കോർക്കും നിൻ പ്രതിമകൾ നോക്കിയർച്ചകന്മാർ
ഓർക്കും നിൻ മഹിമകളാരവർക്കു രോമം
ചീർക്കുന്നുണ്ടതുമതിയംബ വിശ്വസിപ്പാൻ. 2

തുംഗശ്രീ ഗിരിശിഖരങ്ങൾ ശുഭ്രവീചീ—
ഭംഗവ്യാകുലജമാന്ന സാഗരങ്ങൾ
എങ്ങും പുഷ്പിതവനഭൂക്കളെന്നിവറ്റിൽ
തങ്ങും നിൻ ചുവടുകൾ ദേവി, മാഞ്ഞുപോകാ. 3

താരാമണ്ഡലമുരുസൂര്യയൂഥമെന്ന–
ല്ലോരോ രേണുവുമതുപോലെ ചക്രമാക്കി
പാരാകെ ബ്ഭഗവതി ഭിന്നവേഗമായ് നിൻ—
തേരോടുന്നിതു ബുധരെങ്ങും നോക്കിയാലും. 4

* ആലുവാ 'സാഹിത്യമനോരമാ' സമാജത്തിന്റെ വാർഷികയോഗത്തിനുവേണ്ടി എഴുതിയത്. (തോന്നയ്ക്കൽ 1—7—97)

Digitized By Kerala Sahitya Akademi

ഓമൽപ്പൂ വിശദനിലാവിലും തമാല—
ശ്രീമങ്ങും കൊടിയൊരു ക്രൂരിരുട്ടിലും നീ
തൂമന്ദസ്മിത രുചിയൊന്നുപോലെ തൂവും
സാമർത്ഥ്യം സുകൃതികൾ കാണ്മു തമ്പുരാട്ടി. 5

ചാരത്തജ്ജനനിമരിച്ചു ചിത്തതാപം
തീരാത്തുണ്ണികളുടെ കണ്ണുനീർക്കുളത്തിൽ
നീരാടും ചിലപൊഴുതംബ നീ ചിലപ്പോൾ
പോരാളിപ്പരിഷ ചൊരിഞ്ഞ ചോരയാററിൽ. 6

മാനഞ്ചും മിഴിയുടെ ചാഞ്ഞ ചില്ലിമേലും
ധ്യാനസ്ഥൻ മുനിയുടെ ഹസ്തമുദ്രമേലും
നൂനം ചെറെറാരു ഭിദയെന്നി ദേവി, ഭക്തൻ
പാനം ചെയ്തിതു ഭവദീയ വാക്പ്രവാഹം. 7

നെഞ്ചാളും വിനയമൊടെന്നി പൌരുഷത്താൽ
നിഞ്ചാരുദ്യുതി കണികാണ്മതില്ലൊരാളും
കൊഞ്ചൽ തേൻമൊഴിമണി, നിത്യകന്യകേ, നിൻ
മഞ്ചത്തിൻ മന്നമറികില്ല മൂർത്തിമാരും. 8

പാഴാകും മരുവിലലഞ്ഞു സർവ്വഗേ, നീ
വാഴാറുള്ളരമനതേടി വാടി ഞങ്ങൾ
കേഴാതാരസമയരാജ്യസീമകാണ്മാൻ
"ഏഴാമിന്ദ്രിയ"മിനിയമ്പൊടേകുകമ്മേ ! 9

Digitized By Kerala Sahitya Akademi

# ഭാരതമയൂരം

അഥവാ

# നമ്മുടെ മയിൽ

("ഗോപകുമാര" എന്ന മട്ട്)

ഇങ്ങനെരംഗിയിണങ്ങിവിളങ്ങുമൊ—
രീശ്വരസൃഷ്ടിയുണ്ടോ—
യിങ്ങെങ്ങുപാർത്താലുമേഴാഴിചൂഴ്ന്നെഴ—
മൂഴിയിൽത്തേടിയാലും?
പൊങ്ങിയപാറമേൽ പൂമ്പീലിച്ചാർത്തു
വിരുത്തിമ്മയിലാടുന്നു
നിങ്ങൾമിഴിതുറന്നൊന്നഹോ! നോക്കുവിൻ
നോക്കുവിൻ! സോദരരെ. 1

കൊണ്ടൽപോയ് താരങ്ങൾ മിന്നും കുവലയ
നീലമാം വിൺപരപ്പോ
വണ്ടൊളിവാർവനം പൂത്തുവിലസും
വസുമതിമണ്ഡലമോ
തിണ്ടാടി വട്ടത്തിൽ തുവർണ്ണധോരണി
തൂവുന്നനീയിതുകൾ,
രണ്ടിനുമുള്ളിൽ മഴവില്ലോ രണ്ടുമോ
മൂന്നുമോപൂമ്മയിലേ. 2

---

(തോന്നയ്ക്കൽ 26—6—98.)

Digitized By Kerala Sahitya Akademi

പച്ചപ്പുൽക്കാന്തിചിതറും മരതകം
നീലം ചെമ്പത്മരാഗം
സ്വച്ഛമാംശുദ്ധവൈരംസാഗരമൌക്തികം
സൌവർണ്ണഗോമേദകം
ഇച്ചൊന്നരത്നങ്ങളാംപെററെഴുമിന്ത്യയെ
നന്മയെന്നോമയിലെ—
യുച്ചത്തിൽപാടിയുദഞ്ചിതകൌതുകം
താണ്ഡവം ചെയ്യുന്നനീ? 3

പാവനയോഗികൾകാട്ടിൽനിൻപാദത്തി
ലാസനം ശീലിക്കുന്നു,
ദേവസേനാപതിവൻപടമുമ്പിൽസ
വാരിചെയ്യുന്നു നിന്നിൽ
ഹാ! വന്നുഗളനൃപാസനമായിനീ
യാംഗലാധീനമായി,
കേവലംചാരുമയൂരമേകാണ്മവ
ക്കാക്കുനീകാമ്യമല്ല? 4

ഉന്നതചൂഡാമകുടവുമുദ്ഗള—
നാളമണിച്ചെങ്കോലും
മിന്നും ചിറകിൻതഴകളും മോഹന
പിഞ്ഛരാതപത്രംതാനും
ധന്യമയൂരമെ നിന്നിൽ തെളിച്ചു
നിത്യസ്വാരാജ്യമാളും
അന്യൂനശ്രീയമ്മഭാരതഭൂമിതാ—
നാനന്ദാവാസഭൂമി. 5

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi